ചെറുകഥ

പ്രതിഷേധം

[അന്നു് അവൾ യുവത്വത്തിന്റെ മാദകത്വവും പേറി, നിറകുടംപോലെ നടന്നിരുന്ന കാലം; അന്നു് അവളുടെ മാതാപിതാക്കൾ എന്തുകൊണ്ടു് അവൾക്കൊരു കൂട്ടുകാരനെ കണ്ടുപിടിച്ചില്ല? അതവരുടെ കർത്തവ്യമല്ലേ? അതുവരെ അവളുടെ ഹൃദയത്തിൽ കടന്നിട്ടില്ലാത്ത ഒരു വികാരം—മാതാപിതാക്കളോടു് ഒരു തീക്ഷ്ണമായ വെറുപ്പു്—അവൾക്കുണ്ടായി....]

(കോന്നിയൂർ ആർ. നരേന്ദ്രനാഥ്)

"കുട്ടിയമ്മേ! നിങ്ങൾ കൊച്ചുമകൾക്കു് ഉദ്യോഗമല്ല ഒരു ഭർത്താവിനെ അന്വേഷിച്ചു കണ്ടുപിടിക്കൂ! അക്കാര്യത്തിനു് അവളെന്നും നിങ്ങളോടു കടപ്പെട്ടിരിക്കും. ഉദ്യോഗമുണ്ടാക്കി കൊടുത്താൽ ഒരുപക്ഷേ അവളതിനു നന്ദിയുള്ളവളായിരുന്നേക്കും. മറേറക്കാര്യത്തിൽ ഒരു സംശയവുമില്ല. അവളിപ്പോൾ ഉദ്യോഗത്തെപ്പററി വളരെ പ്രതീക്ഷകളുള്ളവളായിരിക്കും. എന്നാൽ ജീവിതത്തിൽ ഉദ്യോഗത്തിനൊക്കെ ഒരതിരുണ്ടു്. ഒരമ്മയുടെ ആശകൾക്കും പ്രതീക്ഷകൾക്കും അതിരില്ല. അനന്തമായ ആ പ്രതീക്ഷകളാണു് ജീവിതത്തിൽ ആകെക്കൂടിയുള്ള മുതൽ!"—ജാനമ്മ അതു പറഞ്ഞതു് അറിഞ്ഞുകൊണ്ടാണോയെന്നു സംശയമാണു്. അവൾ പ്രതീക്ഷിക്കാതെ, അവളുടെ ഉള്ളിൽ ഊറിനിന്നിരുന്ന, ആശയം പെട്ടെന്നു പൊട്ടി പുറത്തു പോന്നതാണു്. പരിഷ്ക്കാരിയായ അവളുടെ മുമ്പിൽ പഴയ കാലത്തിന്റെ പ്രതീകംപോലെ ആ വൃദ്ധ വാ പൊളിച്ചു നിന്നുപോയി. അവരതൊന്നും പ്രതീക്ഷിച്ചതല്ല. ആ അലങ്കാര ഭാഷയൊന്നും അവർക്കു പരിചയമുള്ളതുമല്ല. എങ്കിലും അവരുടെ മുമ്പിൽ അലകളായി വന്നടിച്ച ആശയങ്ങളുടെ പുറകിൽ ഒടുങ്ങാത്ത ആശകളുടെ അലറിയടിക്കുന്ന ഒരു സാഗരമുണ്ടെന്നു് അവർക്കു തോന്നി. അമ്പത്തിഏഴു കൊല്ലക്കാലത്തെ ജീവിതാനുഭവങ്ങൾ നല്കിയിട്ടുള്ള പരഹൃദയബോധം, അതു മനസ്സിലാക്കി. അവരൊന്നും പറഞ്ഞില്ല. ജാനമ്മ അവരെ പകച്ചുനോക്കുകയാണു്. ഇതു് അവരോടെങ്ങിനെ പറഞ്ഞു? എന്തിനു പറഞ്ഞു?

കുട്ടിയമ്മ അന്നു രാവിലെ അവിടെ വന്നതു മററൊന്നിനുമല്ല. അവരുടെ കൊച്ചുമകളുടെ മകൾക്കു് ഒരു ചെറിയ ഉദ്യോഗമെന്തെങ്കിലും വേണം. അവൾ സ്ക്കൂൾഫൈനൽ പാസ്സായിട്ടു് ഇന്നേക്കു നാലു വർഷം കഴിയാറായി. കാളേജിൽ പഠിക്കാൻ പോകാനുള്ള പണമില്ല, കുറച്ചുനാൾ ടൈപ്പ്റൈററിങ്ങ് പഠിച്ചു. അതിനും ഒരു സർട്ടിഫിക്കററു സമ്പാദിച്ചിട്ടുണ്ടു്. വീട്ടിലാണെങ്കിൽ അവർക്കു നിത്യജീവിതം ഒരു വലിയ പ്രശ്നമാണു്. കുട്ടിയമ്മയുടെ മൂത്ത മകളും അവരുടെ കുട്ടികളും മാത്രമല്ല, അവരുടെ ഭർത്താവു വൃദ്ധനായ കേശവൻനായരും, എല്ലാം ഒന്നിച്ചാണു് താമസം. മൂത്ത മകളുടെ ഏററവും പ്രായംചെന്ന മകളാണു് ഇന്ദിര. ഇന്ദിരക്കു് എവിടെയെങ്കിലും ഒരുദ്യോഗം കിട്ടിയാൽ അത്രക്കു് ആശ്വാസമായി. കാണുന്നവരോടൊക്കെ അവർ അതിനു സഹായം തേടാറുണ്ടു്. പക്ഷേ എത്രപേർക്കു സഹായം നല്കാനൊക്കും? എല്ലാവർക്കും അവരവരുടെ പ്രാരാബ്ധങ്ങളുണ്ടു്. ഓരോരുത്തരോടും അടുക്കുമ്പോഴേ അതറിയാറുള്ളു.

ജാനമ്മ അഭ്യസ്തവിദ്യയാണു്. നല്ല ഉയർന്ന ഉദ്യോഗസ്ഥ. സാമാന്യത്തിലധികം സമ്പന്ന. അറിവും ധനവും ഒത്തിണങ്ങിയ ഒരു സ്ത്രീരത്നം. അവിവാഹിത. അവരെ ആശ്രയിച്ചു കഴിയേണ്ടവരാരുമില്ല. സഹോദരീസഹോദരങ്ങൾ എല്ലാം നല്ല നിലയിൽ! സുഖഭൂയിഷ്ഠമായ ജീവിതം നയിക്കുന്ന അവർക്കു് എന്തെങ്കിലും സഹായം ചെയ്യാനുള്ള മനോഭാവമുണ്ടായാൽ കുട്ടിയമ്മക്കു കൊച്ചുമകൾക്കൊരു കൊച്ചുദ്യോഗമെങ്കിലും കിട്ടും, തീർച്ച. ഇങ്ങനെ പലതും ചിന്തിച്ചിട്ടാണു് കുട്ടിയമ്മ അവിടെ വന്നതും തന്റെ ആശയം ജാനമ്മയെ അറിയിച്ചതും.

ജാനമ്മയുടെ മറുപടി—അതു കുട്ടിയമ്മ പ്രതീക്ഷിച്ചതല്ല. ഇതുവരെ കൊച്ചുമകൾക്കു് ഒരുദ്യോഗം വേണം, അതു കണ്ടുപിടിച്ചാൽ വിജയിച്ചു എന്നു വിചാരിച്ചാണു് അവർ ജീവിച്ചതു്. അതിനുമാത്രമാണ

വർ ശ്രദ്ധിച്ചതു്. ഈ മറുപടി കേട്ടപ്പോൾ കുട്ടിയമ്മയ്ക്കു് ഒന്നും പറയാനില്ല. എന്തു പറയാനാണു്? ജാനമ്മ പറഞ്ഞതു നിഷേധിക്കണമോ? നിഷേധിക്കാൻ കഴിയുമോ? ഇല്ല. അതു നിഷേധിക്കാനാവുന്ന കാര്യമല്ല. പിന്നെന്താണു് ചെയ്യുക? ഇങ്ങനെ ഒരു നൂറു ചിന്തകൾ ആ വൃദ്ധയുടെ ബുദ്ധിയിൽക്കൂടി കടന്നുപോയി. അവർ ഇത്ര തീക്ഷ്ണമായി ഇതിനുമുമ്പു ചിന്തിച്ചിരിക്കയില്ല. ജാനമ്മയെ തുറിച്ചുനോക്കിക്കൊണ്ടാണു് അവരവിടെ പ്രതിമപോലെ നിന്നതു്; അവരുടെ മനസ്സിൽക്കൂടി കടന്നുപോയ ആശയങ്ങളും വഹിച്ചുകൊണ്ടു്!

കുട്ടിയമ്മ അവരുടെ ചിന്തയിൽനിന്നുണർന്നു.

“അങ്ങിനെ ചെയ്യു! അതാണു് നല്ലതു്. അതിനു് ഇന്ദിര നിങ്ങളോടു് എന്നന്നേയ്ക്കും കടപ്പെട്ടിരിക്കും”—ജാനമ്മ വീണ്ടും പറഞ്ഞു.

കുട്ടിയമ്മ യാത്രപോലും ചോദിക്കാതെ അവിടെ നിന്നിറങ്ങി നടന്നു. അവർ വെളിയിലിറങ്ങി പടി അടച്ചു. പരിഭവിച്ചിറങ്ങിപ്പോയ പടുവൃദ്ധയെപ്പററി വിചാരിച്ചുകൊണ്ടു കുറേനേരം ജാനമ്മ അവിടെ നിന്നു.

അടക്കുവാനാവാത്ത വിചാരങ്ങൾ ജാനമ്മയുടെ ഹൃദയത്തിൽ കിടന്നു വീർപ്പുമുട്ടുകയാണു്. അടുത്തകാലത്തെങ്ങും അവൾ ഇത്ര അസഹനീയമായ ചിന്തകൾ അനുഭവിച്ചിട്ടില്ല. അവർ സ്വന്തം മുറിയിലേയ്ക്കു പോയി. മേശയുടെ അടുത്തു കിടന്നിരുന്ന കസേരയിൽ ചെന്നിരുന്നു. അവൾ ഓർമ്മിക്കുകയാണു്. കഴിഞ്ഞ വൃശ്ചികത്തിൽ നാല്പത്തിയാറാമത്തെ പിറന്നാളിനു് അമ്പലത്തിൽ പോയി, എന്നത്തേയുംപോലെ വഴിപാടുകൾ നടത്തി. സ്ത്രീസഹജമായ ലജ്ജയും പരിഭ്രമവുമൊന്നുമവൾക്കിപ്പോൾ അനുഭവപ്പെടാറില്ല. ആരും അവളെ അത്ര ശ്രദ്ധിക്കാറുമില്ല. അതുകൊണ്ടായിരിക്കണം അതൊക്കെ അങ്ങിനെ സ്വയം മറഞ്ഞുപോയതു്. ആരും ശ്രദ്ധിക്കാനില്ലെങ്കിൽ, ആരും നിരൂപണംചെയ്യാനില്ലെങ്കിൽ, എന്തു ഭയം? എന്തിനു പരിഭ്രമം? അവളുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്ന അത്തരം സംഗതികൾ ഒന്നൊന്നായി അസ്തമിച്ചിരിക്കുന്നതു് അവൾ ആലോചിച്ചുനോക്കി. ഒരുകാലത്തു് അവൾക്കു വേഷഭൂഷാദികളിൽ എത്ര ശ്രദ്ധയുണ്ടായിരുന്നു. കണ്ണെഴുതി, പൂ ചൂടി, മോടിയുള്ള വേഷവുമണിഞ്ഞു, വെളിയിലിറങ്ങുമ്പോൾ, ഓരോ നിമിഷവും അവൾക്കു് എന്തു പരിഭ്രമമായിരുന്നു! ജാനമ്മയുടെ അസഹനീയത വർദ്ധിച്ചു. അവളോടുതന്നെ അവൾക്കു വല്ലാത്ത ഈർഷ്യ തോന്നി. ആ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഇന്നുവരെ ഇങ്ങനെ ഒരു അസ്വാസ്ഥ്യം അവളനുഭവിച്ചിട്ടില്ല. മേശയുടെ അടുത്തുള്ള കസേരയിൽ അവൾ വീണ്ടും ഇരുന്നു. എന്തിനെന്നില്ലാതെ മേശ അവൾ തുറന്നു. അകത്തിരുന്ന ഫോട്ടോആൽബം അവളുടെ ശ്രദ്ധയിൽപെട്ടു. അതെടുത്തു് അതിലെ താളുകൾ ഓരോന്നായി അവൾ മറിച്ചു.

അവൾ അന്നു സ്കൂൾഫൈനൽക്ലാസ്സിൽ പഠിച്ച സഹപാഠികളോടൊത്തു് എടുത്ത ചിത്രമാണതു്. അവരിൽ അധികംപേരേയും ഇന്നവൾ കണ്ടാൽ ഓർമ്മിക്കുകതന്നെയില്ല. ഏതെല്ലാംവിധത്തിൽ, ഏതെല്ലാം വഴി, അവർ പിരിഞ്ഞുപോയിക്കാണും? എന്തിനും ശണ്ഠപിടിക്കുന്ന മേരിക്കുട്ടിയാണു് ജാനമ്മയുടെ ഇടത്തിരിക്കുന്നതു്. അവൾ ഇന്നെവിടെയാണു്? അന്നേ പഠിക്കാൻ മണ്ടിയായിരുന്ന അവൾ ഇന്നു് ഒരു മാതാവായിരിക്കും, തീർച്ച. അന്നേ അവൾ പറയാറുള്ളതാണു്, അവൾക്കു വരാറുള്ള വിവാഹാലോചനകളെക്കുറിച്ചു്. അവളുടെ അപ്പച്ചൻ അതിനുവേണ്ടി പാലായിലും വെണ്ണിക്കുളത്തും പോയ കഥയും മററും....... അന്നു് അതു കേട്ടു ജാനമ്മയെത്ര ചിരിച്ചതാണു്. അവർ സംഘം ചേർന്നു മേരിക്കുട്ടിയെ കളിയാക്കാറുള്ളതെല്ലാം അവൾ ഓർമ്മിച്ചു. ഇങ്ങനെ ഓരോരുത്തരും ഓരോ നിലയിൽ എത്തിയിരിക്കണം. ഓരോ കൊച്ചുകുടുംബങ്ങളിലെ നായികമാരായി, കുഞ്ഞുങ്ങളുടെ നടുവിൽ അവരോരോരുത്തരും ജീവിക്കയായിരിക്കും ....ഒരു ദീർഘനിശ്വാസം........

ജാനമ്മ അടുത്ത താൾ മറിച്ചു.

അവളുടെ ഇളയ സഹോദരിയുടെ വിവാഹം കഴിഞ്ഞുള്ള പടമാണതു്. ഭർത്താവിനോടൊത്തു് ഉള്ള ഫോട്ടോ! ഇന്നവൾക്കു മൂന്നു കുട്ടികളുണ്ടു്. പഠിക്കുവാൻ മണ്ടിയായിരുന്നു. എങ്കിലും വീട്ടുകാര്യങ്ങൾക്കു് എന്തു മിടുക്കി! സുഖമായ കുടുംബജീവിതം നയിക്കുന്ന അനിയത്തി! അവളിന്നു നാട്ടിലില്ല. നാടുവിടരുതെന്നു വീട്ടുകാരൊക്കെ നിർബ്ബന്ധിച്ചിട്ടും വകവെയ്ക്കാതെ, ഭർത്താവിനോടൊത്തു് ഇന്നു മലയായിലാണു്. നാടുവിട്ടു പോകേണ്ടെന്നു് എത്ര പറഞ്ഞതാണു്! എങ്കിലും അവർ ഭർത്താവിനോടൊത്തുപോകുകതന്നെ ചെയ്തു. അ

വളുടെ വിവാഹമെത്ര പൊടിപൊടിച്ചതാണു്! അന്നത്തെ ബഹളമെന്തായിരുന്നു!........ആൽബത്തിൽ അതിനെതിരേയുള്ള താളിൽ കാളേജിലെ കൂട്ടുകാരികളുമൊത്തു ജാനമ്മ നില്ക്കുന്നു........മെലിഞ്ഞു നല്ല അഴകുള്ള ശരീരം........അവൾ ഉടുത്തിരുന്ന സാരി....അതു വാങ്ങിച്ച കടപോലും ജാനമ്മയ്ക്കു് ഇന്നും ഓർമ്മയുണ്ടു്. അതു് ഉടുത്തുകൊണ്ടു ക്ലാസിൽ ചെന്ന ദിവസം!........ ക്ലാസിലെ സംസാരവിഷയംതന്നെ അതായിരുന്നു....... അറിയാതെ ജാനമ്മയുടെ ചുണ്ടിൽ ഒരു പുഞ്ചിരിയുദിച്ചു........അന്നു കൂട്ടുകാരികൾ അസൂയയോടെ അതിന്റെ വില ചോദിച്ചതും അഴകു വർണ്ണിച്ചതും എല്ലാം ഓർമ്മയിൽ തളിരിട്ടു നില്ക്കുന്നു. മായാത്ത സ്മരണകൾ....

കാളേജിൽനിന്നു സഹപാഠികളൊന്നിച്ചു വിനോദയാത്ര പോയ ചിത്രങ്ങളാണു്....... ജാനമ്മ ആൽബത്തിന്റെ താളുകൾ ഒന്നിനൊന്നു മറിച്ചുകൊണ്ടിരുന്നു. അവളോടൊത്തു കാളേജിൽ പഠിച്ചിരുന്നവരധികവും ഇന്നു് എവിടെയാണു്? അവരുടെ ജീവിതം, മിക്കവാറുമെല്ലാംതന്നെ, ഒരു കൊച്ചുവീട്ടിനുള്ളിൽ ഒതുങ്ങിയിരിക്കുകയല്ലേ? അതേ! അതൊരു വിജയമോ പരാജയമോ?....അതു തിട്ടപ്പെടുത്തുന്നതെങ്ങിനെ? അവരുടെ ജീവിതത്തെക്കുറിച്ചു് അവരിന്നു വ്യാകുലപ്പെടുന്നുണ്ടോ?....ജാനമ്മയുടെ ചിന്തകൾ വീണ്ടും കടിഞ്ഞാണില്ലാതെ കുതിക്കുകയാണു്........ജീവിതത്തെ അവർ പഴിക്കാനിടയുണ്ടോ? അവരുടെ മാതാപിതാക്കന്മാർ അവർക്കായി പണിതുകൊടുത്ത വഴിത്താരകളിൽക്കൂടി പോയതുകൊണ്ടു്, അവരുടെ അനുഭവങ്ങൾ അഹിതമായിത്തീർന്നിട്ടുണ്ടോ? ഇന്നു് അവൾ ചെയ്യുന്നമാതിരി, ജീവിതത്തിന്റെ കണക്കു തിട്ടപ്പെടുത്തലിൽ ആരെങ്കിലും ഏർപ്പെട്ടിട്ടുണ്ടോ? എന്തോ?........

ഇതാ! ഇതു ജാനമ്മ ബിരുദം എടുത്തശേഷം ഉള്ള ചിത്രമാണു്. ഒന്നാമതായി പാസ്സായതിനുള്ള വിജയമുദ്രയും ധരിച്ചു് അന്നു് എടുത്ത പടം. എത്ര അന്തസ്സും അഹങ്കാരവും ആണു് ആ കണ്ണുകളിൽ! യുവത്വം തികഞ്ഞു നില്ക്കുന്ന ആകാരസുഷമ. ആഭിജാത്യമുള്ള സൌന്ദര്യം!.......അതിനുശേഷമാണു് അവൾ ഇന്നത്തെ ജോലിയിൽ പ്രവേശിച്ചതു്......അതുവരെ അവളുടെ ജീവിതത്തെക്കുറിച്ചു് ആരും—അവളുടെ മാതാപിതാക്കന്മാർപോലും—ഒരു ആശങ്ക പ്രദർശിപ്പിച്ചിട്ടില്ല. ഉന്നതമായ പരീക്ഷയിൽ അസൂയാവഹമായ നിലയിൽ അവൾ വിജയിച്ചു. മഹത്തായ ജീവിതം അവളുടെ മുമ്പിലുണ്ടെന്നു് എല്ലാവർക്കും അറിയാം. അതിന്റെ സാഫല്യം ഇന്നല്ലെങ്കിൽ നാളെയുണ്ടാകും. അത്യുന്നതമായ ഔദ്യോഗികജീവിതം അവളെ മാടിവിളിക്കുകയാണു്....അവൾ അതിലേക്കു തിരിഞ്ഞിരിക്കുകയാണു്....അന്നു് അവളുടെ അച്ഛൻ പറയാറുള്ളതു ജാനമ്മയോർമ്മിച്ചു—'ഇവൾ നമ്മുടെ അഭിമാനമാണു്.' അതെ! ആണു്. ഇന്നു് അവൾ അച്ഛന്റെ പ്രതീക്ഷകൾ നിറവേററിക്കഴിഞ്ഞു. അന്നാട്ടിൽ അവൾ മാന്യമായ ഒരു നില അലങ്കരിക്കുന്നു. അവളെ പിൻതള്ളാൻ മററൊരു വനിതയുമില്ല. അതിൽക്കൂടുതൽ കാമ്യമായിട്ടെന്തിരിക്കുന്നു? അവളുടെ ജീവിതം തടസ്സമൊന്നും കാണാത്ത നദിപോലെ ശാന്തഗംഭീരമായി ഒഴുകി. ജീവിതത്തിലൊരു വിഷമവും അവൾ നേരിട്ടിട്ടില്ല........

ഇന്നു് ഈ ഏകാന്തതയിൽ അവൾ ഇരുന്നു ചിന്തിക്കുകയാണു്........ഈ പോക്കു് എങ്ങോട്ടാണു്? എന്തെന്നില്ലാത്ത ഒരു വിടവു് ആ ജീവിതത്തിലുണ്ടു്. അവളുടെ പഠിപ്പും ഉയർന്ന ഉദ്യോഗവും ഒന്നും ആ വിടവു നികത്തിയിട്ടില്ല; അതു വളർത്തിയിട്ടേയുള്ളൂ. അസഹനീയമായ ഏകാന്തതയാണവളുടെ ചുററും. മാതാപിതാക്കന്മാരുടെ മരണം അവളെ ഒററപ്പെടുത്തി. സഹോദരങ്ങൾതമ്മിൽ ബന്ധിച്ചു നിറുത്തുന്ന ആ കെട്ടു തകർന്നതോടെ അവൾ തനിച്ചായി. അവളുടെ സഹോദരങ്ങൾ—അവർ അവരവരുടെ ജീവിതത്തിൽ മാത്രമാണിന്നു വ്യാപൃതരായിരിക്കുന്നതു്....ഇന്നൊരു താങ്ങും തണലും അവൾക്കില്ല....കടുത്ത ചിന്തകൾ....ജാനമ്മ എഴുന്നേററു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും അസ്വസ്ഥതയോടെ നടന്നു.......അവളൊരു മഠയിയായിരുന്നെങ്കിൽ......പഠിത്തത്തിന്നു് അവൾ അസമർത്ഥയായിരുന്നെങ്കിൽ......ഇന്നവളുടെ നിലയെന്താകുമായിരുന്നു?....ഇന്നവളെ അലട്ടുന്ന പ്രശ്നങ്ങൾ എങ്ങിനെയുണ്ടായി?....അവിവാഹിതയായി ഇന്നവൾ കഴിഞ്ഞുകൂടുന്നതിനു കാരണം?.....ജാനമ്മയുടെ കണ്ണുകൾ നിറഞ്ഞു....ഇനിയും ജീവിതം ആദ്യമായി തുടങ്ങിയാലോ? അതു സാദ്ധ്യമാണോ?

അവൾ അറിയാതെ നിലക്കണ്ണാടിയിലേക്കു നോക്കി. ജരകളുടെ പാടുകൾ ആ മുഖത്തു പതിഞ്ഞുതുടങ്ങിയിരിക്കുന്നു. മുമ്പുള്ളതിലും കൂടുതൽ നരകൾ....പ്രകാശവും പ്രൌഢിയും മങ്ങിയ നയനങ്ങൾ....ദുർമ്മേദസ്സു് ആക്രമിച്ചു തളർത്തിയ താരുണ്യം....നടപ്പിൽത്ത

ന്നെ വാൎദ്ധക്യത്തിന്റെ ലക്ഷണങ്ങൾ....പ്രേതത്തെ ദൎശിച്ചാലെന്നപോലെ സ്വന്തം പ്രതിച്ഛായ കണ്ടു് അവൾ ഞെട്ടി.......

അന്നു് അവൾ യുവത്വത്തിന്റെ മാദകത്വവും പേറി, നിറകുടംപോലെ നടന്നിരുന്ന കാലം! അന്നു് അവളുടെ മാതാപിതാക്കൾ എന്തുകൊണ്ടു് അവൾക്കൊരു കൂട്ടുകാരനെ കണ്ടുപിടിച്ചില്ല? അതവരുടെ കൎത്തവ്യമല്ലേ? അതുവരെ അവളുടെ ഹൃദയത്തിൽ കടന്നിട്ടില്ലാത്ത ഒരു വികാരം—മാതാപിതാക്കളോടു് ഒരു തീക്ഷ്ണമായ വെറുപ്പു്—അവൾക്കുണ്ടായി. ഈ അവസാനനിമിഷത്തിൽ അവർക്കു് എങ്ങിനെ അവരുടെ തെററു പരിഹരിക്കാനൊക്കും?

അല്പസമയംമുമ്പു് അവളുടെ മുമ്പിൽ നിന്നിരുന്ന ആ വൃദ്ധയെ, അവൾ ഓൎമ്മിച്ചു. കൊച്ചുമകൾക്കു വേണ്ടി ശുപാൎശ ചെയ്യാനെത്തിയ ആ കഴിഞ്ഞ തലമുറയുടെ പ്രതിനിധിയെ, അവൾ സ്മരിച്ചു. വെറുപ്പോടെ അവരോടു പറഞ്ഞ ആ വാക്കുകൾ വീണ്ടും അവൾ പിറുപിറുത്തു.....തെററു തുടൎന്നു ചെയ്തുകൊണ്ടിരിക്കുന്ന ആ തലമുറയുടെ പ്രതീകത്തോടു പ്രതിഷേധിച്ചു—“കൊച്ചുമകൾക്കു് ഉദ്യോഗമല്ല ഒരു ഭൎത്താവിനെ അന്വേഷിച്ചുകൊടുക്കൂ. അതാണു്, അതു മാത്രമാണു്, നിങ്ങളുടെ കൎത്തവ്യം!”

—:o**o:—